മംഗളം

15 December 2016

# ബംഗ്ലാദേശിന് സി.എം.എഫ്.ആർ.ഐയുടെ സാങ്കേതിക സഹായം

കൊച്ചി: ബംഗ്ലാദേശ് മത്സ്യമേഖലയ്ക്ക് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ (സി.എം.എഫ്.ആർ.ഐ) സാങ്കേതിക സഹായം. മത്സ്യസമ്പത്തിന്റെ സുസ്ഥിര വിനിയോഗത്തിന് ആവശ്യമായ മാനവ വിഭവശേഷി വികസിപ്പിക്കുന്നതിനാണ് സി.എം.എഫ്.ആർ.ഐ ബംഗ്ലാദേശിലെ ഫിഷറീസ് ഉദ്യോഗസ്ഥർക്ക് സാങ്കേതിക പരിജ്ഞാനം നൽകിയത്.

ഫിഷറീസ് മേഖലയിൽ പരസ്പര സഹകരണത്തിനായി രൂപീകരിച്ച ഇന്ത്യ–ബംഗ്ലാദേശ് സംയുക്ത പ്രവർത്തന സമിതിയുടെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായാണ് സി.എം.എഫ്.ആർ.ഐയുടെ സഹായം. മത്സ്യസമ്പത്തിന്റെ പരിപാലനത്തിന് ഏറെ പ്രാധാന്യമുള്ള മത്സ്യവംശ സംഖ്യ നിജപ്പെടുത്തുന്നതിൽ വൈദഗ്ധ്യമുള്ളവരെ വാർത്തെടുക്കുന്നതിന് വേണ്ടി ബംഗ്ലാദേശിലെ തിരഞ്ഞെടുക്കപ്പെട്ട 12 ഫിഷറീസ് ഉദ്യോഗസ്ഥർക്ക് സി.എം.എഫ്.ആർ.ഐ പരിശീലനം നൽകി.

സുസ്ഥിര വിനിയോഗത്തിലൂടെ മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനുള്ള വിവരങ്ങൾ ശേഖരിക്കുന്നതിന് സി.എം.എഫ്.ആർ.ഐ യുടെ പരിശീലനം ബംഗ്ലാദേശിനെ സഹായിക്കുമെന്ന് ഡയറക്ടർ ഡോ. എ ഗോപാലകൃഷ്ണൻ പറഞ്ഞു.

സി.എം.എഫ്.ആർ.ഐയിലെ പ്രിൻസിപ്പൽ സയന്റിസ്റ്റുമാരായ ഡോ. ഇ.എം. അബ്ദുസ്സമദ്, ഡോ. സോമി കുര്യാക്കോസ്, ഡോ. ശോഭ ജോ കിഴക്കൂടൻ എന്നിവരാണ് പരിശീലനത്തിന് നേതൃത്വം നൽകിയത്.